# മമ്പാട് ഗ്രാമപഞ്ചായത്ത്
# ലേലം നോട്ടീസ്

മാന്യരെ,

മമ്പാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള മമ്പാട് ടൌണിലെ ഷോപ്പിംഗ് കോപ്ലക്സിലെ താഴെപട്ടികയിൽഉള്ള,ഷോപ്പ് റൂമുകൾ 2026 ജൂൺ മാസം. 24-)0 തിയ്യതി ബുധനാഴ്ച പകൽ 11 മണിക്ക്പഞ്ചായത്ത് ഓഫീസിൽ വെച്ച് നിലവിലുള്ള ലേല നിബന്ധനകൾക്ക് വിധേയമായി പഞ്ചായത്ത്സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്. അസിസ്റ്റൻറ്എഞ്ചിനീയർ എൽ.എസ്.ജി.ഡി മമ്പാട് നിശ്ചയിച്ച നിരക്കിൽ നിന്നാണ് റൂം ഒന്നിന് ലേലതുക ആരംഭിക്കുന്നത് ഷോപ്പിംഗ് സെൻററുകളുടെ ആകെ മുറികളുടെ 10% പട്ടികജാതി-പട്ടിക വർഗ്ഗകാർക്കും 3% വികലാംഗർക്കും 5% സ്ത്രീകൾക്കും സംവരണം ചെയ്തിട്ടുള്ളതാണ്.

ലേലത്തിൽ പങ്കെടുക്കുന്നവർ താഴെ പറയുന്ന ലേലവ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

| ക്രമ നംബർ | ലേലം നടത്തുന്ന ഇനം | റൂം നമ്പർ | തുക |
|---|---|---|---|
| 1 | ഷോപ്പിംഗ്കോപ്ലക്സിലെ താഴത്തെ നില | 195,196,197,198,199 | 4792 (ഓരോ റൂമിന്) |
| 2 | ഷോപ്പിംഗ്കോപ്ലക്സിലെ ഒന്നാം നില | 200,201 | 4511 (ഓരോ റൂമിന്) |
| 4 | ഷോപ്പിംഗ്കോപ്ലക്സിലെ ഒന്നാം നില | 188 -**A** | 11462 |
| 5 | ഷോപ്പിംഗ്കോപ്ലക്സിലെ ഒന്നാം നില | 188-**C**, **188- B** | 4410 (ഓരോ റൂമിന്) |

സ്ഥലം - മമ്പാട്
തീയ്യതി- 15/06/26

OFFICE OF THE MAMPAD GRAMA PANCHAYATH MALAPPURAM DT. PIN: 676 542 MAMPAD P.O.

സെക്രട്ടറി
മമ്പാട് ഗ്രാമ പഞ്ചായത്ത്

**SECRETARY**
**Mampad Grama Panchayath**
**Mampad P.O**

## ലേല നിബന്ധനകൾ

1-കൂടുതൽ തുക ലേലം വിളിച്ച ആളുടെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും അപ്പോൾ തന്നെ ലേല തുകയുടെ 25% കെട്ടിവെക്കേണ്ടതും ലേലം പഞ്ചായത്ത് തീരുമാനത്തിന് വിധേയമായി സ്ഥിരപ്പെടുത്തുന്ന മുറക്ക് ബാക്കി തുക അടവാക്കേണ്ടതുമാണ്.

2-മുൻകാലങ്ങളിൽ പഞ്ചായത്ത് ലേലത്തിൽ കുടിശ്ശിക വരുത്തിയവർക്ക് ലേലത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

3-ലേലത്തിൽ പങ്കെടുക്കുന്നവർ ലേല നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.

4-മതിയായ ലേലതുക വരാതിരിക്കുകയോ മറ്റു കാരണങ്ങളാലോ ലേലതീയ്യതി മാറ്റിവെക്കാൻ പഞ്ചായത്ത് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതും ലേല ദിവസം അവധിദിവസം ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും ലേലം നടത്തുന്നതും മായിരിക്കും .ലേലം അന്തിമമായി അംഗീകരിക്കുന്നതിനുള്ള പരിപൂർണ അധികാരം പഞ്ചായത്ത് ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

5-ലേലത്തിൽ പങ്കെടുക്കുന്നവർ ലേല തുകയുടെ 2.5% കെട്ടിവെക്കേണ്ടതാണ്

6-ലേലതുകക്ക് 18 % ജി.എസ്.ടി ഉണ്ടായിരിക്കുന്നതാണ്.

7-കൂടുതൽ വിവരങ്ങൾക്ക് പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.